# കേരള സർവകലാശാല

നം. പി.ആർ.028/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## യൂണിറ്ററി എൽ.എൽ.ബി പരീക്ഷ

കേരള സർവകലാശാല മാർച്ച് 21-ന് തുടങ്ങുന്ന അഞ്ചാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. (ത്രിവത്സരം) പരീക്ഷയ്ക്ക് ഓൺലൈൻ (www.exams.keralauniversity.ac.in) വഴി രജിസ്റ്റർ ചെയ്യാം. പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് 11 (50 രൂപ പിഴയോടെ മാർച്ച് 15, 250 രൂപ പിഴയോടെ മാർച്ച് 16) വരെ അപേക്ഷിക്കാം. കോഴ്സ് പൂർത്തിയാക്കിയവർ സബ്സിക്വന്റ് അപിയറൻസ് ഫീസായി 200 രൂപ അടയ്ക്കണം.

## എം.ബി.എ മേഴ്സി ചാൻസ് പരീക്ഷ

കേരള സർവകലാശാല മാർച്ച്/ഏപ്രിൽ നടത്തുന്ന ഒന്ന്, മൂന്ന് സെമസ്റ്റർ എം.ബി.എ (2009 സ്കീം - ഫുൾടൈം/പാർട്ട് ടൈം) പരീക്ഷകൾക്ക് പിഴകൂടാതെ മാർച്ച് 14 (50 രൂപ പിഴയോടെ മാർച്ച് 15, 250 രൂപ പിഴയോടെ മാർച്ച് 16) വരെയും, ഒന്നാം സെമസ്റ്റർ എം.ബി.എ (2000 സ്കീം - ഫുൾടൈം/പാർട്ട് ടൈം), ഒന്നാം സെമസ്റ്റർ എം.ബി.എ (2003 സ്കീം - ഈവനിംഗ് - ഐ.എം.കെ), ഒന്നാം സെമസ്റ്റർ എം.ബി.എ (2006 സ്കീം - ഫുൾ ടൈം/പാർട്ട് ടൈം), മൂന്നാം സെമസ്റ്റർ എം.ബി.എ (2000 സ്കീം - ഫുൾടൈം/ പാർട്ട് ടൈം), മൂന്നാം സെമസ്റ്റർ എം.ബി.എ (2003 സ്കീം - ഈവനിംഗ് - ഐ.എം.കെ), മൂന്നാം സെമസ്റ്റർ എം.ബി.എ (2006 സ്കീം - ഫുൾടൈം /പാർട്ട് ടൈം), അഞ്ചാം സെമസ്റ്റർ എം.ബി.എ (2000 സ്കീം - പാർട്ട് ടൈം), അഞ്ചാം സെമസ്റ്റർ എം.ബി.എ (2003 സ്കീം - ഈവനിംഗ് - ഐ.എം.കെ) പരീക്ഷകൾക്ക് പിഴകൂടാതെ മാർച്ച് 28 (50 രൂപ പിഴയോടെ മാർച്ച് 30, 250 രൂപ പിഴയോടെ മാർച്ച് 31) വരെ അപേക്ഷിക്കാം. പരീക്ഷാതീയതി പിന്നീട് അറിയിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ എക്സാം പോർട്ടലിലെ (www.exams.keralauniversity.ac.in) നോട്ടിഫിക്കേഷൻ എന്ന ലിങ്കിൽ ലഭിക്കും.

## എം.എഫ്.എ ടൈംടേബിൾ

കേരള സർവകലാശാല മാർച്ച് 21-ന് തുടങ്ങുന്ന നാലാം സെമസ്റ്റർ എം.എഫ്.എ (സ്കൾപ്ചർ) പ്രാക്ടിക്കൽ പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എച്ച്.എം ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ എട്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി (2006 സ്കീം - സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 15 വരെ അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

## അന്താരാഷ്ട്ര വനിതാദിനം

കേരള സർവകലാശാലയിലെ സെന്റർ ഫോർ വിമൻസ് സ്റ്റഡീസ്, വനിതാ ക്ലബ്, വനിതാ ഫോറം, ലൈംഗിക പീഡനനിരോധന സെൽ എന്നിവ സംയുക്തമായി നടത്തുന്ന വനിതാദിനം മാർച്ച് എട്ട് രാവിലെ 10.15–ന് പ്രോ–വൈസ് ചാൻസലർ ഡോ. എൻ വീരമണകണ്ഠൻ ഉദ്ഘാടനം ചെയ്യും. ജോയിന്റ് രജിസ്ട്രാർ എസ്. ശ്യാമള ആദ്ധ്യക്ഷം വഹിക്കുന്ന ചടങ്ങിൽ ഡോ. മാല രാമനാഥൻ മുഖ്യപ്രഭാഷണം നടത്തും. സിൻഡിക്കേറ്റംഗങ്ങളായ റോസമ്മ ഫിലിപ്, ഡോ. പി.എം രാധാമണി തുടങ്ങിയവർ പങ്കെടുക്കും. ഉച്ചയ്ക്ക് രണ്ട് മണിമുതൽ കേരള പോലീസിന്റെ നേതൃത്വത്തിൽ സ്ത്രീകൾക്കുവേണ്ടിയുള്ള സ്വയം പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചുള്ള പ്രഭാഷണവും ഡെമോൺസ്ട്രേഷനും ഉണ്ടായിരിക്കും.

## ബി.കോം പരീക്ഷ

കേരള സർവകലാശാല ഒന്നാം വർഷ ബി.കോം (ആന്വൽ സ്കീം) പാർട്ട് രണ്ട് സപ്ലിമെന്ററി പരീക്ഷ മാർച്ച് 14 ഉച്ചയ്ക്ക് 1.30 മുതൽ നടത്തും. 2015–ൽ ഓൺലൈനായി ഒന്നാം വർഷം രജിസ്റ്റർ ചെയ്ത പ്രൈവറ്റ് വിദ്യാർത്ഥികൾ exams.keralauniversity.ac.in/Privatestudy എന്ന ലിങ്കിലും എസ്.ഡി.ഇ/എൽ.എസ്.സി വിദ്യാർത്ഥികൾ exams.keralauniversity.ac.in/sde എന്ന ലിങ്കിലും പ്രസിദ്ധീകരിച്ചിട്ടുള്ള കാൻഡിഡേറ്റ് കോഡ് ഉപയോഗിച്ച് ലോഗിൻ ചെയ്ത് പാസ്‌വേഡ് ആയി ജനന തീയതി ഉപയോഗിച്ച് ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

(ഒപ്പ്)

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
05.03.2016

ഡോ. ലാൽ സി.എ.
പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098